"ഭരണഭാഷ-മാതൃഭാഷ"

No.DWCD/1043/2025-ICDSB1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 23-05-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശു വികസന വകുപ്പ്- പോഷകബാല്യം പദ്ധതി - മുടക്കം കൂടാതെ തുടരുന്നത്-സംബന്ധിച്ച്:-

സൂചന:-
1. 2025 - 26 ലെ സംസ്ഥാന ബഡ്ജറ്റ്.
2. ഈ കാര്യാലയത്തിലെ 21.03.2025 ലെ DWCD/1043/2025-ICDSB1 നമ്പർ കത്ത്.
3 ഈ കാര്യാലയത്തിലെ 13.05.2025 ലെ DWCD/2405/2025-ICDSB1 നമ്പർ നടപടിക്രമം

നടപ്പ സാമ്പത്തിക വർഷം പോഷകബാല്യം പദ്ധതി വിപുലപ്പെടുത്തി തുടരുന്നതിനായി സൂചന ( 1 ) പ്രകാരം സംസ്ഥാന സർക്കാർ 80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2024-2025 സാമ്പത്തിക വർഷം അങ്കണവാടികളിൽ മുട്ടയും, പാലും തടസ്സം കൂടാതെ വിതരണം ചെയ്യുന്നതിനു 2025 മാർച്ച് മാസം വരെ ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുന്നതിനു അനുമതി നൽകിയിരുന്നു. 2025-26 സാമ്പത്തിക വർഷവും പദ്ധതി തടസം കൂടാതെ നടപ്പിലാക്കുന്നതിനു പ്രസ്തുത ടെണ്ടർ/ക്വട്ടേഷൻ നടപടികൾ 2025 മെയ് മാസം വരെ ദീർഘിപ്പിക്കുന്നതിന് സൂചന (2) പ്രകാരം അനുമതി നൽകിയിരുന്നു. കൂടാതെ ആയതിലേക്ക് ആവശ്യമായ ആദ്യ ഘട്ട തുക സൂചന (3) പ്രകാരം ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്.

പദ്ധതി മുടക്കം കൂടാതെ നടപ്പിലാക്കുന്നതിനു നിലവിൽ സൂചന 2 പ്രകാരം 2025 മേയ് മാസം വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ള ടെണ്ടർ/ക്വട്ടേഷൻ ജൂൺ 15 വരെ തുടരേണ്ടതാണ്. 2025-26 സാമ്പത്തിക വർഷം പദ്ധതി വിപുലപ്പെടുത്തി നടപ്പിലാക്കുന്നതിനു ഭരണാനുമതിക്കായി ഉള്ള പ്രൊപോസൽ സർക്കാരിലേക്ക് സമർപ്പിക്കുകയും ആയതു 22/05/2025-ന് കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആയതിന്റെ മിനുട്സ് / ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ മാർഗനിർദേശം നൽകുന്നതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി.